ത്തിലുള്ള ചില ബന്ധങ്ങൾ ഉണ്ടെന്ന് ഞങ്ങൾക്ക് ബോധ്യമായി' എന്ന് ഡോക്ടർ സെൻഗുപ്ത പറയുന്നു. ഒരിക്കൽ പറന്നുയർന്നാൽ, ഈ പക്ഷികൾ അസാധാരണമായ വെളിച്ചത്താൽ ആകർഷിക്കപ്പെട്ട് ജാട്ടിൻഗ ഗ്രാമത്തിലെ പന്തങ്ങൾക്കുനേരെ പാഞ്ഞുചെല്ലുന്നു.

ഭൂകാന്തശക്തിയും പക്ഷിമനഃശാസ്ത്രവും തമ്മിൽ ഉള്ള ബന്ധം ഇനിയും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച ഒരു പൂർവകൽപ്പനം (ഹൈപ്പോത്തെസിസ്) ഉന്നയിക്കുക മാത്രമേ ഡോക്ടർ സെൻഗുപ്ത ചെയ്തിട്ടുള്ളു.

പക്ഷിമനശ്ശാസ്ത്രത്തോട് ബന്ധമുണ്ടാവാമെങ്കിൽ, ഭൂകാന്തശക്തിക്ക് മനുഷ്യമനശ്ശാസ്ത്രത്തോടും ബന്ധമുണ്ടായിരിക്കണമല്ലോ. ഭൂമധ്യരേഖ കേരളത്തിൽനിന്ന് വളരെയധികം തെക്കോട്ട് നീങ്ങി കടലിലൂടെയാണ് പോകുന്നതെങ്കിലും ഭൂകാന്തമധ്യരേഖ കേരളത്തിലൂടെയാണു കടന്നുപോകുന്നത്. കേരളീയരുടെ മാനസികസവിശേഷതകൾ ജാട്ടിൻഗയിലെ പക്ഷികളുടെ മാനസികവിഭ്രാന്തികളുമായി വല്ല സാധർമ്മ്യവും പ്രദർശിപ്പിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഭൂകാന്തമധ്യരേഖയോട് നമുക്കുള്ള അടുപ്പം അതിനു കാരണമാണോ?

ഇതിനെപ്പററി പഠിക്കാൻ ഒരു ഗ്രാൻറ് ഇന്ത്യാഗവണ്മെൻറിനോട് ഏതെങ്കിലും ശാസ്ത്രജ്ഞന് ചോദിക്കാവുന്നതേയുള്ളു.

5 ജനുവരി, 1986

## 81. ശിലായുഗമനുഷ്യൻ

ജർമ്മനിയിലെ പ്രധാന നദിയാണ് റൈൻ. റൈനിന്റെ ഒരു പോഷകനദിയത്രേ ഡ്യൂസ്സൽ. ഡ്യൂസ്സൽ നദിയുടെ തീരത്തുള്ള ഒരു നഗരമാകുന്നു ഡ്യൂസ്സൽ ഡോർഫ്. ഈ നഗരത്തിൽനിന്ന് ഏഴുമൈൽ കിഴക്ക് രണ്ടു കുന്നുകൾക്കിടയിലുള്ള ഇടുങ്ങിയ ഒരു താഴ്‌വരയെ 'നിയാൻഡർ താൽ' എന്നു വിളിക്കുന്നു. 'താൽ' എന്ന വാക്കിന് താഴ്‌വര എന്നാണർത്ഥം. ഒരു നൂററാണ്ടു മുമ്പുവരെ ഈ താഴ്‌വര കാടുപിടിച്ചു കിടക്കുകയായിരുന്നു. ഈർപ്പം മുററിയ ഗുഹകളും വെള്ളച്ചാട്ടങ്ങളും പാറക്കൂട്ടങ്ങളും ഈ താഴ്‌വരയിൽ ധാരാളമുണ്ടായിരുന്നു.

1850–ാമാണ്ടിനടുത്ത് ഈ താഴ്‌വരയിൽനിന്ന് പാറ പൊളിച്ച് എടുക്കാൻ തുടങ്ങി. 1856 സെപ്റ്റംബറിൽ, പാറ പൊളിച്ചെടുക്കുന്ന ചില പണിക്കാർ, നൂററാണ്ടുകളായി ചളിനിറഞ്ഞു കിടന്ന ഒരു ഗുഹ കണ്ടെത്തി. ഗുഹയിൽനിന്ന് ചളി നീക്കുന്നതിനിടയ്ക്ക് ഇവർക്ക് ഒരു മനുഷ്യന്റെ പൊട്ടിപ്പൊളിഞ്ഞ തലയോടും ഏതാനും അസ്ഥിക്കഷണങ്ങളും കിട്ടി. സാധാരണഗതിയിൽ ഈ അസ്ഥിഖണ്ഡങ്ങൾ ശ്രദ്ധിക്കപ്പെടുമായിരുന്നില്ല. എന്നാൽ, ഡോക്ടർ യോഹൻകാൾ ഫ്യൂൾറോത് എന്ന ശാസ്ത്രജ്ഞൻ ഇവ കാണാനിടയായി. ഒരു പ്രകൃതിശാസ്ത്രാദ്ധ്യാപകനായിരുന്നു ഡോക്ടർ ഫ്യൂൾറോത്. ഈ അസ്ഥികൾക്ക് അറുപതിനായിരം വർഷമെങ്കിലും പഴക്കം കാണണമെന്ന് ഡോ. ഫ്യൂൾറോത് കരുതി. ശാസ്ത്രത്തിലെന്നപോലെ ബൈബിളിലും ഫ്യൂൾറോത് വിശ്വസിച്ചിരുന്നു. ബൈബിളിലെ പഴയ നിയമത്തിൽ വിവരിച്ചിട്ടുള്ള പ്രളയം നടന്ന കാലത്ത്, നോഹയുടെ പെട്ടകത്തിൽ കയറി രക്ഷപ്പെടാൻ കഴിയാതിരുന്ന ഒരു മനുഷ്യന്റേതായിരിക്കണം ഈ അസ്ഥികൾ. പ്രളയത്തിൽ മുങ്ങിമരിച്ച ഇയാളുടെ ശരീരം തിരകളിൽപ്പെട്ട്, ഉയർന്ന്,

കുന്നിൻമുകളിലുള്ള ഈ ഗുഹയിൽ വന്ന് അടിഞ്ഞതായിരിക്കാം. പിന്നീട് ഗുഹപ്രളയച്ചെളിയിൽ മുങ്ങിപ്പോയിരിക്കാം. ആ ചെളി നീക്കം ചെയ്യപ്പെടുന്നത് ഇപ്പോൾ മാത്രമായിരിക്കാം. ഇതൊക്കെയായിരുന്നു ഡോ. ഫ്യൂൾറോത്തിന്റെ നിഗമനങ്ങൾ.

ഫ്യൂൾറോത്ത് ഇങ്ങനെ കരുതിയതിനു കാരണം, തലയോടിന്റെ അസാധാരണതയായിരുന്നു. തലയോടിന്റെ മുകൾഭാഗം ഏറെക്കുറെ പരന്നിരുന്നു. അതിനുള്ളിൽ തലച്ചോറിന് സ്ഥലം വളരെ കുറവായിരുന്നു. താടിയെല്ലിനു പതിവിൽക്കവിഞ്ഞ വലിപ്പം. ഉന്തിനില്ക്കുന്ന പുരികങ്ങൾ. യൂറോപ്യന്മാരുടെ തലയോടിനോടല്ല, അമേരിക്കയിൽ അപ്പോഴും ജീവിച്ചിരുന്ന ചില അപരിഷ്കൃതരുടെ തലയോടിനോടാണ്, അതിനു സാമ്യമെന്നു കരുതപ്പെട്ടു. പക്ഷേ, ആധുനികരോഗവിജ്ഞാനത്തിന്റെ (പത്തോളജിയുടെ) സ്ഥാപകരിൽ ഒരാളായിരുന്ന ഡോ. റുഡോൾഫ് ഫിർകൗ കരുതിയത്, ചെറുപ്പത്തിൽ 'റിക്കെറ്റ്സ്' എന്ന രോഗവും തുടർന്ന് 'ആർത്രൈറ്റിസ്' എന്ന രോഗവും ബാധിക്കുക മൂലം അസ്ഥികൾക്കു വൈരൂപ്യം വന്ന ഒരാധുനികമനുഷ്യന്റെ തലയോടാണ് അതെന്നായിരുന്നു. രോഗത്തിനുപുറമേ ഈ മനുഷ്യൻ തലയിൽ ധാരാളം അടികളും ഏററിരിക്കണം. അതുകൊണ്ടാവണം അയാളുടെ തലയോടിന്റെ മുകൾഭാഗം പരന്നുപോയത്.

നിയാൻഡർ താഴ്വരയിൽനിന്നു കിട്ടിയ അസ്ഥികൂടത്തിന്റെ വൈരൂപ്യം സ്വാഭാവികമോ രോഗജന്യമോ എന്നു സംശയാതീതമായി നിർണയിക്കുന്നതിനുള്ള തെളിവുകൾ താമസിയാതെ ലഭിച്ചു. 1886—ൽ ബെൽജിയത്തിൽ 'സ്പൈ' എന്ന സ്ഥലത്തുള്ള ഒരു ഗുഹയിൽനിന്ന് ഇത്തരം തലയോടുകളുള്ള രണ്ട് അസ്ഥികൂടങ്ങൾ കിട്ടി. ഇവയോടൊപ്പം അടത്തിയെടുത്ത പാറത്തുണ്ടുകൾകൊണ്ടു നിർമ്മിച്ച ഏതാനും ആയുധങ്ങളും, അക്കാലത്തു യൂറോപ്പിൽ കാണാത്ത ധ്രുവപ്രദേശമൃഗങ്ങളുടെ ഏതാനും എല്ലുകളുംകൂടി ഉണ്ടായിരുന്നു. ക്രിസ്തുവർഷത്തിന് നാല്പതിനായിരം വർഷം മുമ്പുമുതൽ രണ്ടുലക്ഷം വർഷം മുമ്പുവരെ, രണ്ടു ഹിമയുഗങ്ങൾക്കു നടുവിലുള്ള ഒരു കാലഘട്ടത്തിൽ മധ്യയൂറോപ്പിലും പടിഞ്ഞാറെ ഏഷ്യയിലും ജീവിച്ചിരുന്ന ഒരുതരം മനുഷ്യപൂർവ്വികരുടെ പ്രതിനിധികളാണ് ഈ അസ്ഥികൂടങ്ങളുടെ ഉടമകൾ എന്ന നിഗമനത്തിലെത്തുവാൻ, തുടർന്നുണ്ടായ കണ്ടുപിടിത്തങ്ങൾ സഹായിച്ചു.

'നിയാൻഡർത്താൽ' മനുഷ്യരുടെ ഉത്ഭവം, വ്യാപ്തി, കാലം, ജീവിതസമ്പ്രദായങ്ങൾ, വംശനാശം എന്നിവയെപ്പററി പല വിവരങ്ങളും ഇക്കഴിഞ്ഞ നൂറുവർഷങ്ങളിലെ ഗവേഷണംമൂലം പുറത്തുവന്നിട്ടുണ്ട്. നിയാൻഡർത്താൽ മനുഷ്യരിൽത്തന്നെ പല ഉപവർഗ്ഗങ്ങൾ ഉണ്ടായിരുന്നു എന്ന് ഇപ്പോൾ കരുതപ്പെടുന്നു. ആഫ്രിക്കയിൽ സഹാറയ്ക്കു തെക്കും കിഴക്കേഷ്യയിലും തെക്കുകിഴക്കേഷ്യയിലും ഇവർ എത്തിയിരുന്നില്ല. ഏഷ്യയുടേയും ആഫ്രിക്കയുടേയും മററു ഭാഗങ്ങളിലും യൂറോപ്പിൽ ആകെയും ഇവർ വ്യാപിച്ചിരുന്നു. ശിലായുധങ്ങൾ ഉപയോഗിച്ച് വേട്ടയാടിയും ഭക്ഷണം കിട്ടിയേടത്തുനിന്നു പെറുക്കിയെടുത്തും ജീവിച്ചിരുന്ന ഇവർ കൃഷിചെയ്യാൻ പഠിച്ചിരുന്നില്ല. ഏകദേശം മുപ്പത്തയ്യായിരം വർഷങ്ങൾക്കുമുമ്പ് ഇവർ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷരാവുകയുംചെയ്തു.

നിയാൻഡർത്താൽ മനുഷ്യരുടെ ജീവിതരീതിയെപ്പററി സാമാന്യബോധം ജനങ്ങളിൽ, പ്രത്യേകിച്ചു വിദ്യാർത്ഥികളിൽ ഉളവാക്കുന്നതിനു വേണ്ടി, ആ മനുഷ്യരുടെ അസ്ഥികളുടെ പതിന്നാലു കഷണങ്ങൾ—ഒരു തലയോടിന്റെ മേൽഭാഗം, ഏതാനും വാരിയെല്ലുകൾ, മററു ചില അസ്ഥിഭാഗങ്ങൾ—ആദ്യമായി കിട്ടിയ നിയാൻഡർ താഴ്വരയിൽ ഒരു ചെറിയ പ്രകൃതിശാസ്ത്രമ്യൂസിയം 1932—ൽ സ്ഥാപിക്കപ്പെട്ടു. ഇതിനു

ടുത്തു് ഇരുപത്തിമൂന്നു ഹെക്ടർ വിസ്താരത്തിൽ ഒരു 'അഭയാരണ്യ'വും നിർമ്മിതമായി. നിയാൻഡർതാൽ മനുഷ്യർ വേട്ടയാടിയിരുന്ന കാട്ടുപോത്തു്, കസ്തൂരിക്കാള, ടാർപാൻ എന്ന കാട്ടുകുതിര, മാനുകൾ എന്നിവയെ ഈ അഭയാരണ്യത്തിൽ കൊണ്ടുവന്നു വളർത്തി. ഇപ്പോൾ യൂറോപ്പിൽ സ്വാഭാവികമായി കാണാത്തവയാണു് ഈ മൃഗങ്ങൾ.

യുദ്ധത്തിനുശേഷം 1947-ൽ ഈ മ്യൂസിയം പുതുക്കിപ്പണിതു. പ്രാക്ചരിത്രകാലത്തെപ്പററി യാഥാർത്ഥ്യാധിഷ്ഠിതമായ ബോധം കാഴ്ചക്കാർക്കു നൽകുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ മ്യൂസിയത്തിൽ, പല നിർമ്മാണപ്രവർത്തനങ്ങളും ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണു്. പടിഞ്ഞാറെ ജർമ്മനിയിലെ സ്കൂൾകുട്ടികൾ കൂട്ടംകൂട്ടമായി ഈ മ്യൂസിയം സന്ദർശിച്ചുവരുന്നു. അവരെ ആകർഷിക്കുന്നതു് നിയാൻഡർതാൽ മനുഷ്യന്റെ അസ്ഥിഖണ്ഡങ്ങളല്ല; കൃത്രിമമായി നിർമ്മിച്ചു് ചില്ലുകൂട്ടിൽ സ്ഥാപിച്ച നിയാൻഡർതാൽ മനുഷ്യരുടെ പ്രതിമകളാണു്. കൊളോൺ സർവ്വകലാശാല ഈ മ്യൂസിയത്തിൽ അഗാധമായ താത്പര്യം പ്രദർശിപ്പിക്കുന്നുണ്ടു്.

നിയാൻഡർ താഴ്‌വരയ്ക്കു് ആ പേരു വന്നതു് പതിനേഴാം നൂററാണ്ടിൽ (1650–1680) ജീവിച്ചിരുന്ന യോഖിം നിയാൻഡർ എന്ന ജർമ്മൻ കവിയിൽനിന്നാണു്. മതപരങ്ങളായ കവിതകൾ രചിച്ചിരുന്ന കവി ഈ പ്രദേശത്താണു് ജീവിച്ചിരുന്നതു്.

ശിലായുഗമനുഷ്യനു് ഭക്തകവിയുടെ പേരു കൊള്ളാം, അല്ലേ?

19 സെപ്തംബർ, 1983

# 82. റോസാപ്പൂ

1984 നവംബർമാസത്തിൽ ഗൾഫ്നാടുകൾ സന്ദർശിച്ചപ്പോൾ ദുബായിയിലെ വിശാലമായ മാർക്കററു് കാണാൻ ഞങ്ങൾക്കു് സന്ദർഭം ലഭിച്ചു. അവിടത്തെ പഴക്കടകളും പച്ചക്കറിക്കടകളുംപോലെ പൂക്കടകളും എന്നെ ആകർഷിച്ചു. മരുഭൂമിയിൽ എന്തൊരു സസ്യ–ഫല–പുഷ്പസമൃദ്ധി!

സ്റ്റാളുകളിൽ തിങ്ങിനിറഞ്ഞ ഇലക്കറികളും പച്ചക്കറികളും പഴങ്ങളും പൂക്കളും ചുററുമുള്ള മരുഭൂമിയിൽ വിളയിച്ചെടുത്തവയായിരുന്നില്ല. വിമാനങ്ങളിൽ കയററി മറുനാടുകളിൽനിന്നു്, പ്രധാനമായും യൂറോപ്യൻ രാജ്യങ്ങളിൽനിന്നു്, കൊണ്ടുവന്നവ ആയിരുന്നു അവയെല്ലാം. വമ്പിച്ച കടത്തുകൂലികൂടി കണക്കിലെടുക്കേണ്ടതിനാൽ അവയുടെ വില കുറെയധികം ഉയർന്നാലും അത്ഭുതപ്പെടാനില്ല.

കൂടിയ വിലകൊടുത്തായാലും ഭക്ഷ്യവസ്തുക്കൾ വാങ്ങാതെ തരമില്ല. പക്ഷേ, പൂക്കൾ? പൂക്കളില്ലാതെയും മനുഷ്യർക്കു ജീവിച്ചുകൂടേ? മുററത്തു് ഒരൊററ പൂച്ചെടിപോലും ഇല്ലാത്ത എത്ര വീടുകളുണ്ടു് കേരളത്തിൽ? എന്നിട്ടും നമ്മൾ ജീവിക്കുന്നില്ലേ? എന്തിനു് ഈ അറബികൾ ഇത്രയും വലിയ വിലകൊടുത്തു് പൂക്കൾ വാങ്ങുന്നു?

അറബികൾ മാത്രമോ? ഒരൊററ രാജ്യത്തിന്റെമാത്രം കഥ എടുക്കുക. ഇസ്രായേൽ എന്ന ചെറുരാജ്യം 1980–81-ൽ പൂക്കളോടുകൂടിയ ഇരുപത്തിരണ്ടരക്കോടി റോസാക്കമ്പുകൾ ഓരോ ദിവസവും കയററിയയച്ചിരുന്നുവത്രെ. ഇസ്രായേലിന്റെ സാധനങ്ങൾ, പൂക്കളായാലും, അറബികൾ വാങ്ങുകയില്ല. ഇസ്രായേലികളും അറബികളും തമ്മിൽ കടുത്ത ശത്രുത